# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 594 10.06.2014- ൽ മറുപടിക്ക്**

**കൈത്തറി സെക്ടറിന്റെ റിവൈവൽ റിഫോം റിസ്ട്രച്ചറിംഗ് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി സെക്ടറിന്റെ റിവൈവൽ റിഫോം റിസ്ട്രച്ചറിംഗ് പാക്കേജ് പ്രകാരം സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് തുടക്കത്തിൽ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടു തരം കാറ്റഗറിയിൽ ഉൾപ്പെടുന്ന അപ്പക്സ് സംഘങ്ങൾക്കും പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്കുമാണ് റിവൈവൽ, റിഫോം, റിസ്ട്രക്ചറിംഗ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്. ടി കാറ്റഗറികൾ ചുവടെ സൂചിപ്പിക്കുന്നു.<br>1. വയബിൾ അപ്പക്സ്/പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ.<br>2. പൊട്ടൻഷ്യലി വയബിൾ അപ്പക്സ്/ പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ.<br><u>വയബിൾ അപ്പക്സ്/പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ.</u><br>ചുവടെ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സംഘങ്ങളെയാണ് വയബിൾ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത്.<br>1)പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ/ അപ്പക്സ് സംഘങ്ങളുടെ നെറ്റ് വർത്ത് പോസിറ്റീവ് ആയിരിക്കണം.<br>2)കഴിഞ്ഞ 3 വർഷങ്ങളിലെ ശരാശരി ഉൽപാദനത്തിന്റെ 75% എങ്കിലും വിൽപന നടത്തിയിരിക്കണം. |

| | | | |
|---|---|---|---|
| | | | 3)31.03.2010 വരെ ആഡിറ്റ് പൂർത്തിയാക്കിയിരിക്കണം.<br>4)ക്യാഷ് ക്രഡിറ്റ് വർഷത്തിൽ 2 തവണയെങ്കിലും അക്കൗണ്ടിലേക്ക് തിരിച്ചടവ് നടത്തിയിരിക്കണം.<br><u>പൊട്ടൻഷ്യലി വയബിൾ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ ചുവടെ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.</u><br>1) നെറ്റ് വർത്ത് പോസിറ്റീവായിരിക്കണം.<br>2)കഴിഞ്ഞ 5 വർഷങ്ങളിൽ 4 വർഷത്തിൽ കൂടുതൽ പ്രവർത്തന നഷ്ടം ഉണ്ടാകാൻ പാടില്ല.<br>3)കഴിഞ്ഞ 3 വർഷങ്ങളിലെ ശരാശരി ഉൽപാദനത്തിന്റെ 50% എങ്കിലും വിൽപന നടത്തിയിരിക്കണം.<br>4)പ്രവർത്തന മൂലധനം/ക്യാഷ് ക്രഡിറ്റ് തുക വർഷത്തിൽ ഒരു തവണയെങ്കിലും പൂർണ്ണമായി വിനിയോഗിച്ചിരിക്കുകയും അത്രയും തുക അക്കൗണ്ടിലേക്ക് തിരിച്ചടവ് ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്. |
| (ബി) | ഈ നിബന്ധനകൾ പിന്നീട് ഭേദഗതി ചെയ്യുകയുണ്ടായോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ നിബന്ധനകൾ താഴെ പറയും പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.<br>1)പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ/ അപ്പക്സ് സംഘങ്ങളുടെ നെറ്റ് വർത്ത് പോസിറ്റീവ് ആയിരിക്കണമെന്നതിനു പകരം, വായ്പ ഒഴിവാക്കി റിക്യാപിറ്റലൈസ് ചെയ്ത ശേഷം നെറ്റ് വർത്ത് പോസിറ്റീവ് ആയാൽ മതിയെന്ന് മാറ്റം വരുത്തി.<br>2)ഓപ്പറേറ്റിംഗ് പ്രോഫിറ്റ് കണക്കാക്കുമ്പോൾ പലിശയും, തേയ്മാനവും കൂടി കണക്കിലെടുക്കണം.<br>3)വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വർക്കിംഗ് ക്യാപ്പിറ്റൽ/ക്യാഷ് ക്രഡിറ്റ് ലിമിറ്റ്, റൊട്ടേറ്റ് ചെയ്തിരിക്കണമെന്നത് ബാങ്ക് വായ്പ എടുത്തില്ലെങ്കിൽ ബാധകമല്ല. |

| | | | |
|---|---|---|---|
| | | | 4)31.03.2010-ലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ, അർഹത നിർണ്ണയിക്കുന്നതിന് പകരം 2011-12 സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹത നിർണ്ണയിക്കാൻ അനുവദിച്ചു.<br>5)2009-10 ലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായിരിക്കണമെന്നതിനു പകരം 2011-12 ലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായിരി ക്കണമെന്ന നിബന്ധന നടപ്പിലാക്കി.<br>6)കൈത്തറി മേഖലയിൽ ലോൺ അനുവദിച്ചു നൽകുന്നതിന്, 7% പലിശ സബ്സിഡി നൽകും.<br>7)വ്യക്തിഗത നെയ്ത്തുകാർക്ക് 10,000/- രൂപ വരെ വായ്പ അനുവദിക്കും.<br>8)വായ്പകൾക്ക് 3 വർഷത്തേക്ക് ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആന്റ് സ്മോൾ എന്റർപ്രൈസസ് ഗ്യാരന്റി ലഭിക്കുന്നു. ഗ്യാരന്റി ഫീസും, ആനുവൽ സർവ്വീസ് ഫീസും കേന്ദ്രസർക്കാർ നൽകുന്നു. |

സെക്ഷൻ ഓഫീസർ